# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.367

### 27-02-2018 ൽ മറുപടിക്ക്

### പദ്ധതികൾക്ക് കിഫ്ബി അനുമതി

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ (കുറ്റിപ്പുറം) ഭാരതപ്പുഴയിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ കങ്കാക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജിനു (RCB) കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ കങ്കാക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജിനു (RCB) എന്ന പദ്ധതിക്ക് ഇതുവരെ കിഫ്ബി അനുമതി നൽകിയിട്ടില്ല. |
| (ബി) ജലവിഭവ വകുപ്പ് ഇത് സംബന്ധിച്ച് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; | ജലവിഭവ വകുപ്പ് ടി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. |
| (സി) എടയൂർ പഞ്ചായത്തിലേക്ക് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | എടയൂർ പഞ്ചായത്തിലേക്ക് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ കുടിവെള്ള പദ്ധതിക്ക് ഇതുവരെ കിഫ്ബി അനുമതി നൽകിയിട്ടില്ല. ടി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ഇപ്പോൾ കിഫ്ബിയിൽ പരിശോധനയിലാണ്. |
| (ഡി) ഈ രണ്ടു പദ്ധതികൾക്കും കിഫ്ബിയുടെ അനുവാദം നൽകി പദ്ധതി ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നു അറിയിക്കാമോ? | ബന്ധപ്പെട്ട ഭരണ വകുപ്പും സ്പെഷ്യൽ പർപ്പസ് വെഹിക്കിളും കിഫ്ബി അനുശാസിക്കുന്ന നിബന്ധനകൾ തൃപ്തികരമായി പാലിച്ച് പദ്ധതി രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി നിർവ്വഹണ അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ